II ഇ. ബി. XIV - കേരള നിയമസഭ/XIII- 7

## പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 ഡിസംബർ 06, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾത്തന്നെ ശബരിമലയിൽ ഏർപ്പെടുത്തിയിരിക്കുന്ന നിരോധനാജ്ഞ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടും സഭാ കവാടത്തിനു മുന്നിൽ അനിശ്ചിതകാല സത്യാഗ്രഹം നടത്തുന്ന എം.എൽ.എ.മാർക്ക് അഭിവാദ്യം അർപ്പിച്ചും യു.ഡി.എഫ്. അംഗങ്ങൾ സ്വസ്ഥാനങ്ങളിൽ എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിക്കുകയും തുടർന്ന് സഭാനടപടികളോട് സഹകരിക്കുകയും ചെയ്തു.)

10(*181) ദേവസ്വം ബോർഡ് സുപ്രീംകോടതിയിൽ നൽകിയ ഹർജി

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടിയിൽ, ശബരിമലയിൽ ദർശനത്തിന്

എത്തുന്ന യുവതികൾക്കായി അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കേണ്ടതിനാൽ സുപ്രീംകോടതി വിധി നടപ്പിലാക്കുന്നതിന് സാവകാശം ആവശ്യപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡ് 19.11.2018-ന് സുപ്രീംകോടതിയിൽ സാവകാശ ഹർജി നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ശബരിമലയിൽ യുവതീ പ്രവേശനംമൂലം ആചാരലംഘനം ഉണ്ടായാൽ ക്ഷേത്രം അടച്ചിടുന്നതു സംബന്ധിച്ച് രാഷ്ട്രീയ നേതാവിന്റെ ഉപദേശം തേടിയെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ തന്ത്രിയോട് വിശദീകരണം ആരായുകയും ആയത് പരിശോധിച്ചുവരികയുമാണ്. തന്ത്രിമാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിന് വിധേയരായിരിക്കുമെന്നും ഭരണപരമായ കാര്യങ്ങളിൽ അഭിപ്രായം പറയാനോ ഇടപെടാനോ പാടില്ലെന്നുമുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡ് മാന്വലിലെ വ്യവസ്ഥ പ്രകാരം തന്ത്രിമാരുടെമേൽ അച്ചടക്കനടപടി സ്വീകരിക്കാനുള്ള അധികാരവും അവകാശവും ദേവസ്വം ബോർഡിനുണ്ടെന്നും അതൊരു സ്വതന്ത്ര സ്ഥാപനമായതിനാൽ ഗവൺമെന്റിന്റെ നിബന്ധനകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായല്ല പ്രവർത്തിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. സുപ്രീംകോടതി വിധി നടപ്പാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. വർഗ്ഗീയ പ്രചരണം നടത്തുന്നവർക്കെതിരെ കർശന നിലപാട് സ്വീകരിക്കുന്നതാണ്. ശബരിമലയെ കലാപഭൂമിയാക്കാൻ ശ്രമിക്കുന്ന സാമൂഹ്യവിരുദ്ധരെ പ്രതിരോധിക്കാനായി

ഏർപ്പെടുത്തിയ നിരോധനാജ്ഞമൂലം ഭക്തർക്ക് യാതൊരുവിധ അസൗകര്യവുമില്ലെന്നും ഹൈക്കോടതി നിയോഗിച്ച മൂന്നംഗ നിരീക്ഷക സമിതി തൃപ്തികരമായ റിപ്പോർട്ടാണ് നൽകിയതെന്നും വിവിധ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സംഭാവനകൾ സ്വീകരിച്ചുകൊണ്ട് ദേവസ്വം ബോർഡാണ് ശബരിമലയിൽ അന്നദാനം നടത്തുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

11(*182) വൈദ്യുതി നിയമ ഭേദഗതി ബിൽ

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) നൽകിയ മറുപടിയിൽ, കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വൈദ്യുതി നിയമ ഭേദഗതി ബിൽ പ്രാവർത്തികമാക്കിയാൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് പോലുള്ള സർക്കാർ സംവിധാനങ്ങൾ പ്രതിസന്ധിയിലാകുമെന്നും പവർ വകുപ്പിലെ വിവിധ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, വൈദ്യുതി രംഗത്തെ വിദഗ്ദ്ധർ, വ്യവസായ/ വാണിജ്യ/ഗാർഹിക ഉപഭോക്താക്കളുടെ പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സംസ്ഥാനതല ശിൽപശാലയിൽ പ്രസ്തുത ഭേദഗതി നിർദ്ദേശങ്ങൾ വിശദമായി പരിശോധിച്ച് അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. നിർദ്ദിഷ്ട നിയമ ഭേദഗതി വൈദ്യുത വിതരണ മേഖലയെ മൂന്നായി വിഭജിക്കുന്നതിനും ലാഭ സാധ്യത ഏറെയുള്ള വൈദ്യുതി വിതരണ രംഗത്തേയ്ക്ക് സ്വകാര്യ സംരംഭകർ കടന്നുവരുന്നതിനും

അവസരം ഒരുക്കുന്നതാണ്. ക്രോസ് സബ്സിഡി സമ്പ്രദായം നിർത്തലാക്കുന്നതിലൂടെ ചെറുകിട ഉപഭോക്താക്കളുടെ വൈദ്യുതി നിരക്കിൽ വർദ്ധനവുണ്ടാകുമെന്നും സർക്കാർ സബ്സിഡി ബാങ്ക് അക്കൗണ്ടിലൂടെ ഉപഭോക്താവിന് നേരിട്ട് നൽകുന്നത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗത്തിന് വൈദ്യുതി അപ്രാപ്യമാക്കുമെന്നും മന്ത്രി വ്യക്തമാക്കി. വൈദ്യുതിയുടെ കമ്പോള വളർച്ച ലക്ഷ്യമിട്ടുള്ള നിർദ്ദേശങ്ങൾ ഊഹക്കച്ചവടത്തിനിടയാക്കുന്നതാണ്. വൻകിട ഉപഭോക്താക്കൾ പുറത്തുനിന്നും വൈദ്യുതി കൊണ്ടുവരുന്നതിന് വീലിംഗ് ചാർജ്ജ് മാത്രം ഈടാക്കണമെന്ന വ്യവസ്ഥ വൈദ്യുതി ബോർഡിനെ പ്രതിസന്ധിയിലാക്കുമെന്നും എല്ലാവർക്കും വൈദ്യുതി എന്ന ലക്ഷ്യത്തിനായി കരാർ ചെയ്തിട്ടുള്ള വൈദ്യുതി ഉപയോഗിക്കാനാകാത്ത സ്ഥിതിയിലെത്തുമെന്നും അതിലൂടെ സ്ഥിരവിലയുടെ ബാധ്യതയുണ്ടാകുമെന്നും മന്ത്രി അറിയിച്ചു. വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗങ്ങളുടെ തെരഞ്ഞെടുപ്പ്, വൈദ്യുതി നിരക്ക് നിർണ്ണയം, സംസ്ഥാനത്തെ വൈദ്യുതി നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയുടെ ഉപയോഗം, ഡീംഡ് ലൈസൻസ് അനുവദിക്കുക തുടങ്ങിയ അധികാരങ്ങൾ കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാക്കുന്ന ഭേദഗതി നിർദ്ദേശങ്ങൾ ദൂരവ്യാപക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതാണ്. വൈദ്യുതി നിയമ ഭേദഗതി ബില്ലിനെതിരെ ഭരണ-പ്രതിപക്ഷ ഭേദമെന്യേ യോജിച്ച് നിൽക്കണമെന്നും പ്രധാനമന്ത്രിക്ക് നിവേദനം നൽകുന്നതും

മറ്റ് സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യുന്നതും സംബന്ധിച്ച് ആലോചിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. വൈദ്യുതി നിയമ ഭേദഗതി ബില്ലിനെതിരെ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കുന്നതു സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2350 മുതൽ 2695 വരെയുള്ള 346 ചോദ്യങ്ങൾക്കും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)